**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5713** **28.03.2018-ൽ മറുപടിക്ക്**

**അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക്**

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ് പി.

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക് ഏറ്റവും ഒടുവിലായി നിശ്ചയിച്ച നൽകിയത് എന്നാണ്; നിലവിലെ നിരക്കുകൾ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ) | അക്ഷയ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ച കൊണ്ടുള്ള ഏകീകൃത ഉത്തരവ് നിലവിലില്ല. ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് അതാതു വകുപ്പുകൾ തന്നെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ നിലവിലെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിച്ച് ഏകീകരിക്കേണ്ടത് അനിവാര്യമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | വർദ്ധിച്ച ചെലവുകൾക്കനുസരിച്ച് നിരക്ക് വർദ്ധന വരുത്താത്തത് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മൂലം പൊതുജനങ്ങൾക്ക് തൃപ്തികരമായ സേവനം നൽകുന്നതിന് കഴിയാത്ത | (ബി) | അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കാത്തത് അക്ഷയ സംരംഭകരുടെ പരാതിക്കിടയാക്കിയിട്ടുള്ളതായും അക്ഷയ സംരംഭകർ സേവനങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും സർക്കാരിന്റെ |

| | | | |
|---|---|---|---|
| | സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് നിരക്കുകൾ പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. അതോടൊപ്പം തന്നെ ക്രമപ്രകാരമല്ലാതെ സർവ്വീസ് ചാർജ് ഈടാക്കരുതെന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| സി) | അക്ഷയ കേന്ദ്രങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് നൽകിയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; നഗര-ഗ്രാമ പ്രദേശങ്ങളിലെ ചെലവുകൾക്ക് അനുസരിച്ച് ശാസ്ത്രീയമായി പരിശോധിച്ചാണോ നിരക്ക് നിശ്ചയിച്ച് നൽകിയതെന്ന് അറിയിക്കുമോ; | (സി) യും (ഡി) യും | ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് അതാത് വകുപ്പുകൾ തന്നെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഒരേ സേവനത്തിന് ഒരേ നിരക്കാണ് നിലവിലുള്ളത്. നഗര-ഗ്രാമ പ്രദേശങ്ങളിലെ ചെലവുകൾക്കനുസരിച്ചല്ല മറിച്ച് അപേക്ഷ കൈകാര്യം ചെയ്യുന്നതിന് വേണ്ട സമയം, മാനവ വിഭവശേഷി എന്നിവ പരിഗണിച്ചാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. |
| ഡി) | നഗര പ്രദേശങ്ങളിലെ പ്രവർത്തന ചെലവ് ഗ്രാമപ്രദേശങ്ങളേക്കാൾ കൂടുതലാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | |
| ഇ) | അക്ഷയ കേന്ദ്രങ്ങളെ തൃപ്തികരമായ പൊതുജനസേവന കേന്ദ്രങ്ങളായി നിലനിർത്തുന്നതിന് പ്രവർത്തന ചെലവുകൾ പരിശോധിച്ച് ശാസ്ത്രീയ പഠനം നടത്തി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ നിലവിലെ സർവ്വീസ് ചാർജുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ